ജലാലുദ്ദീനേയും ഭാര്യയേയും വധിക്കാൻ ശ്രമം

65 [5209] ശ്രീ. സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളത്തൂപുഴ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ സാം നഗറിൽ പാട്ടപ്പള്ളിൽ വീട്ടിൽ ജലാലുദ്ദീനേയും ഭാര്യയേയും വധിക്കുവാൻ ശ്രമിച്ച കേസിൽ ഗുണ്ടാസംഘത്തേയും പ്രധാന പ്രതിയേയും അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ബി) എന്തെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ് എടുത്തിട്ടുള്ളത്;

(സി) വധശ്രമത്തിന് കേസ് എടുത്തിട്ടുണ്ടോ;

(ഡി) സ്ത്രീപീഡന വകുപ്പ് ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഇ) പത്രവാർത്തയുടെ അടിസ്ഥാനത്തിൽ സ്പെഷ്യൽ ബ്രാഞ്ച് ഇതിനെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ;

(എഫ്) പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനും കേസ് ഊർജ്ജിതപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അറസ്റ്റ് ചെയ്തിട്ടില്ല. പരാതിക്കാരന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ കൂട്ടായ്മ കവർച്ചയ്ക്ക് കേസ് രജിസ്റ്റർ ചെയ്ത് ഊർജ്ജിതമായി അന്വേഷണം നടത്തി വരുന്നു.

(ബി) ഇന്ത്യൻ ശിക്ഷാനിയമം 395-ാം വകുപ്പ് പ്രകാരം.

(സി) ഇല്ല.

(ഡി) ഇല്ല.

(ഇ) കൊല്ലം ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് വിഭാഗം അന്വേഷണം നടത്തി വരികയാണ്.

(എഫ്) പ്രതികളെ അറസ്റ്റ് ചെയ്യുന്നതിന് വേണ്ടിയുള്ള ഊർജ്ജിതമായ അന്വേഷണം നടത്തിവരികയാണ്.

അത്തോളി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ

66 [5210] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ അത്തോളി പോലീസ് സ്റ്റേഷനിൽ 2001-2002, 2002-2003 എന്നീ സാമ്പത്തിക വർഷങ്ങളിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly